ML9201

## ഒന്നാം പാദവാർഷിക മൂല്യനിർണയം 2015

മലയാളം പേപ്പർ II
അടിസ്ഥാനപാഠാവലി

ക്ലാസ് : IX

സമയം : 1½മണിക്കൂർ　　　　ആകെ സ്കോർ: 40

**പൊതുനിർദ്ദേശങ്ങൾ**

- *ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.*
- *ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.*
- *സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.*
- *നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.*

1) 'വംഗസാഗരത്തിന്റെ കരയിൽ............' അടിവരയിട്ട പദം ഏത് സ്ഥലനാമത്തെ യാണ് സൂചിപ്പിക്കുന്നത്.

(സ്കോർ 1)

2) ഉചിതമായവ ചേർത്തെഴുതുക

| | |
|---|---|
| അന്നവിചാരം മുന്നവിചാരം | വിളവർധിപ്പിക്കാനുള്ള സഹായധനം |
| സഹനൗഭുനക്തു | തെളിച്ചെടുത്ത വിളനിലം |
| കൃതക്ഷേത്രം | പഴഞ്ചൊല്ല് |
| അനുഗ്രഹം | മന്ത്രം |

(സ്കോർ 4)

3) "ആരുപെറ്റതാണാവോ പാവമീചെറുക്കനെ,
ആരാകിലെന്ത്? അപ്പെണ്ണിൻ ജാതകം മഹാകഷ്ടം."
ഈ വരികളിൽ തെളിയുന്ന മനോഭാവം എന്ത്?

- പരിഹാസം
- ലജ്ജ
- സഹതാപം
- കോപം

(സ്കോർ 1)

4) **അഭംഗി പരിഹരിക്കുക**

പരിസ്ഥിതി ദുർലഭ പ്രദേശങ്ങളിൽ വലിയ പടുകൂറ്റൻ കെട്ടിടങ്ങൾ നിർമ്മിക്കാൻ പാടില്ലെന്ന നിയമം നിലവിൽ പ്രാബല്യത്തിലുണ്ട്.

(സ്കോർ 2)

5) 2015 അന്താരാഷ്ട്ര മണ്ണ് വർഷമാണല്ലോ. ജീവന്റെ ആധാരമായ മണ്ണ് അനുദിനം വിഷലിപ്തമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മണ്ണ് സംരക്ഷണത്തിന്റെ അനിവാര്യത വ്യക്തമാക്കുന്ന രണ്ട് സന്ദേശവാചകം എഴുതുക.

(സ്കോർ 2)

6) **വ്യാഖ്യാനിക്കുക**

"ഒരുനേരം ഉണ്ണുന്നവൻ യോഗി
രണ്ടുനേരം ഉണ്ണുന്നവൻ ഭോഗി
മൂന്നുനേരം ഉണ്ണുന്നവൻ രോഗി
നാലുനേരം ഉണ്ണുന്നവൻ ദ്രോഹി"

(ഭോഗി - സുഖിമാൻ) (അരപ്പുറം)

(സ്കോർ 4)

7) "ചോറ്ണ്ടോഡോ?"
"പൊരിച്ചതോ ബെച്ചതോ?"
"അനക്കും മീതെള്ളോനാ?"

പ്രാദേശികഭാഷയുടെ പ്രയോഗം 'മോരിന്റെ പര്യായം' എന്ന കഥയ്ക്ക് നൽകുന്ന സൗന്ദര്യം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.(അരപ്പുറം)

(സ്കോർ 4)

) "വിശ്വസിച്ച് എന്ത് കഴിക്കും എന്നത് ഇന്നൊരു കടുത്ത ആശങ്കയാണ്!"

-പത്രവാർത്ത

സമൂഹത്തിൽ പരക്കെ പടരുന്ന ഈ ആശങ്ക അകറ്റാൻ ശുദ്ധഭക്ഷ്യോല്പാദനത്തിനായി പുതിയ ഒരു കാർഷിക സംസ്കാരം നമുക്ക് രൂപപ്പെടുത്തേണ്ടതുണ്ട്. അതിന് വിദ്യാർത്ഥികൾക്ക് എന്തൊക്കെ ചെയ്യാനാവും?- സ്വാഭിപ്രായക്കുറിപ്പ് എഴുതുക. (അരപ്പുറം)

(സ്കോർ 4)

"ഭവതി ആഹാരം വിളമ്പുന്നതും ഞാൻ അത് കഴിക്കുന്നതും അങ്ങേയറ്റം ശ്രദ്ധയോടെയാണെന്ന് എനിക്കറിയാം."

- തിരുവള്ളുവർ

"തങ്ങളുടെ മുഖ്യാഹാരത്തെ ഇത്ര ഭംഗിയോടെ ആരാധിക്കുന്ന ഒരു ജനത ലോകത്തിൽ ബാലിദ്വീപുകാരെ പോലെ വേറെയുണ്ടെന്ന് തോന്നുന്നില്ല."

-എസ് കെ പൊറ്റക്കാട്

ഈ പ്രസ്താവനകളുടെ വെളിച്ചത്തിൽ ഭക്ഷണം ഉത്പാദിപ്പിക്കുന്നതിലും വിതരണം ചെയ്യുന്നതിലും കേരളീയർ വെച്ചുപുലർത്തുന്ന അലസതയ്ക്കെതിരെ പ്രതികരണക്കുറിപ്പ് എഴുതുക. (അരപ്പുറം)

(സ്കോർ 4)

10) "ഇന്നലെ കാലത്ത് കഞ്ഞി കുടിച്ചതിൽ പിന്നെ ഇരുപത്തിയെട്ടുമണിക്കൂർ നേരം യാതൊരാഹാരവും കഴിക്കാതെ ജോലി ചെയ്ത് തളർന്നു വീണുപോകുമെന്ന് തോന്നിയപ്പോൾ ഞാനൊരു കുട്ടിയുടെ, ആരുടെയെങ്കിലുമാകട്ടെ - മൂന്ന് മണിക്കൂർ മുമ്പ് എന്തെങ്കിലും ആഹാരം കഴിച്ചിരിക്കാവുന്ന ഒരുത്തന്റെ മൂന്നോ നാലോ ഉരുളയോളം വരുന്ന ചോറെടുത്തുണ്ടു."

-പൊതിച്ചോറ് (കാരൂർ)

ഈ കഥാഭാഗത്തിലെ വിശപ്പിന്റെ തീവ്രത അന്നം എന്ന കവിതയിലെ അനുഭവവുമായി ബന്ധപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക. (അരപ്പുറം)

(സ്കോർ 4)

11) "ഇവര് ഇച്ചേല്ക്ക് ഹലാക്കിന്റെ തീറ്റ തിന്നുകയാണെങ്കിൽ ഇച്ചിരീം നേരംകൂടി കഴിയുമ്പോഴേക്കും വേറെ മനിസമ്മാർക്ക് മണത്ത് നോക്കാൻ ബല്ലതും ബാക്കി യാവുമോ?" 'മോരിന്റെ പര്യായ'ത്തിലെ ഹാജ്യാരുടെ പരിഹാസത്തിലൂടെ

വി.കെ.എൻ വരാനിരിക്കുന്ന ഭക്ഷ്യപ്രതിസന്ധിയിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണോ?

"ഈ ഭൂമിയിൽ ഓരോ മനുഷ്യന്റെയും ആവശ്യത്തിന് വേണ്ടത്രയുണ്ട്; ആർത്തിക്ക് വേണ്ടത്ര ഇല്ല തന്നെ" എന്ന ഗാന്ധിജിയുടെ വചനവുമായി ചേർത്തുവച്ച് വിലയിരുത്തൽ കുറിപ്പ് തയ്യാറാക്കുക. (അരപ്പുറം)

(സ്കോർ 4)

12) പ്രഭാഷണം തയ്യാറാക്കുക

കമ്പോളത്തിനും പരസ്യത്തിനും അടിപ്പെട്ട് വിഷഭക്ഷണം കഴിച്ച് മാറാരോഗത്തിന് അതിവേഗം കീഴ്പ്പെടുന്ന 'മലയാളി ഇരിക്കുംകൊമ്പ് മുറിക്കുക' യാണ്! തനത് ഭക്ഷണരീതിയിലേക്ക് നാടുണർന്നില്ലെങ്കിൽ കുട്ടദുരന്തമായിരിക്കും ഫലം. ഭക്ഷ്യസുരക്ഷയിൽ നാം ശ്രദ്ധകൊടുത്തേ മതിയാവൂ. ഈ വസ്തുതകൾ മുൻനിർത്തി കേരളപ്പിറവിദിനത്തിൽ അവതരിപ്പിക്കാനായി പ്രഭാഷണം തയ്യാറാക്കുക. (ഒരുപുറം)

(സ്കോർ 6)